## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4470 17.12.2014-ൽ മറുപടിക്ക്**

## മഴവെള്ള സംഭരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) | സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5182 യൂണിറ്റുകളുടെ പണികൾ പൂർത്തി യാക്കിയിട്ടുണ്ട്.<br>കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു .എസ്.എ)യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന ഓരോ വ്യക്തിഗത കുടുംബങ്ങൾക്കായി മഴവെള്ള സംഭരണികൾ സർക്കാരിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് സബ്സിഡി നിരക്കിൽ നിർമ്മിച്ച് നൽകുന്നുണ്ട്. കൂടാതെ ജലനിധിയുടെ ഭാഗമായി പൈപ്പ് ലൈൻ കുടിവെള്ള കണക്ഷനുകൾ എത്താത്ത വീടു കൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നുണ്ട്.<br>ജലസേചന വകുപ്പിന്റെ കീഴിൽ നദികളിലും തോടുകളിലും ഒഴുകി വരുന്ന മഴവെള്ളം സംഭരിക്കുന്നതിനായി തടയണകളും റെഗുലേറ്റർ - കം - ബ്രിഡ്ജുകളും വെന്റഡ് ക്രോസ് ബാറുകളും നിർമ്മിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നദികളിൽ ഉള്ള വെള്ളം കെട്ടിനിർത്തുന്നതിന് ഭാരതപ്പുഴയിലും മറ്റ് നദികളിലും എത്ര ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) | കേരള ജല അതോറിറ്റി 18 ചെക്ക് ഡാമുകളും (സ്ഥിരം തടയണ) ജലസേചന വകുപ്പ് 336 ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. |
| (സി) | റിവർ മാനേജ് മെന്റ് ഫണ്ട് ഓരോ ജില്ലയിലും 2011-12, 2012-13, 2013-14 2014-15 കാലയളവിൽ എത്ര വീതം ചെലവഴിച്ചു വെന്ന് വ്യക്തമാക്കാമോ ? | സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ